രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം
regig@kerala.nic.in
www.keralaregistration.gov.in
Phone: 0471-2472118/2472110/2474782
Fax: 0471-2462608
തിയതി : 04/10/2018

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

സബ് രജിസ്ട്രാർ
കുണ്ടറ

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - ഐ.റ്റി.സെക്ഷൻ - ഓൺലൈൻ മുഖേനയുള്ള ആധാരസമർപ്പണം - മാർഗ്ഗനിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ 22/09/2018 തീയതിയിലെ 171/2018 നമ്പർ കത്ത്

രജിസ്ട്രേഷനായി ഹാജരാക്കുന്ന ആധാരത്തിലെ ലൈസൻസ് നമ്പരും ഓൺലൈൻ മുഖേനയുള്ള ആധാര സമർപ്പണ വിവരണത്തിൽ മറ്റൊരു ലൈസൻസ് നമ്പരും രേഖപ്പെടുത്തുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്ന് സൂചനപ്രകാരം താങ്കൾ അപേക്ഷിച്ചിരുന്നു.

Pearl Public വെബ് സൈറ്റിൽ ആധാര രജിസ്ട്രേഷനു മുന്നോടിയായി ആധാരവിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിലേക്കായി New User Registration ചെയ്യുമ്പോൾ User Type ആയി വരുന്നത് Claimant, Document Writer, Execuant, Practicing Advocates, Others എന്നിവയാണ് ഉള്ളത്. ആധാരം തയ്യാറാക്കുന്നത് ആധാരമെഴുത്ത് ലൈസൻസിയാണെങ്കിൽ ആധാരത്തിൽ ലൈസൻസ് നമ്പരും പേരും രേഖപ്പെടുത്തുന്നതിനാൽ ഓൺലൈനായി വിവരം നൽകുമ്പോഴും അപ്രകാരമുള്ള വിവരങ്ങൾ തന്നെ നൽകേണ്ടതാണ്. Government purpose, Release, Co-operative Society മുതലായവയുമായി ബന്ധപ്പെട്ട ആധാര രജിസ്ട്രേഷനായി വിവരങ്ങൾ സമർപ്പിക്കുമ്പോഴാണ് Others എന്ന ഓപ്ഷൻ ഉപയോഗിക്കുന്നത്. ആയതിനാൽ ഓൺലൈനിൽ നൽകുന്ന വിവരങ്ങളും ആധാരത്തിൽ രേഖപ്പെടുത്തുന്ന വിവരങ്ങളും സമാന രീതിയിലുള്ളതായിരിക്കേണ്ടതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by R AJITHKUMAR
Date: 2018.10.04 15:30:15 IST
Reason: Approved

**അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ**
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

www.eaadharam.in